# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2162** **18.06.2013-ലെ മറുപടിക്ക്**

## സംസ്ഥാനത്തിന്റെ ട്രഷറി ബാലൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

**(എ)** 2011, 2012, 2013 വർഷങ്ങളിൽ മാർച്ച് മാസം 31-ാം തീയതിയിലെ ട്രഷറി ബാലൻസ് എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

2011, 2012, 2013 വർഷങ്ങളിൽ മാർച്ച് മാസം 31-ാം തീയതിയിലെ ട്രഷറി ബാലൻസ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരമാണ്.

രൂപ കോടിയിൽ

| തീയതി | ട്രഷറി ബാലൻസ് |
|---|---|
| മാർച്ച് 31, 2011 | 3513.72 |
| മാർച്ച് 31, 2012 | 2711.17 |
| മാർച്ച് 31, 2013 | 3200.77 |

**(ബി)** 01.07.2006 മുതൽ 31.03.2011 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വിവിധ നികുതികളുടെ വരുമാനവും നികുതി പിരിവിലെ വർദ്ധനയുടെ ശതമാനവും വ്യക്തമാക്കാമോ ;

01.07.2006 മുതൽ 31.03.2011 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വാണിജ്യ നികുതി വകുപ്പിലെ നികുതികളുടെ വരുമാനവും നികുതി പിരിവിലെ വർദ്ധനവിലെ ശതമാനവും ചുവടെ ചേർക്കുന്നു.

| വർഷം | നികുതി പിരിവ് (കോടിയിൽ) | വർദ്ധന (ശതമാനത്തിൽ) |
|---|---|---|
| 01.07.2006 - 31.03.2007 | 6914.71 | 20 |
| 2007-08 | 9685.34 | 11 |
| 2008-09 | 11571.42 | 19 |
| 2009-10 | 13200.19 | 14 |
| 2010-11 (31.03.2011 വരെ) | 16155.93 | 22 |

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നികുതി വരവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഓരോ സാമ്പത്തിക വർഷത്തേയും കളക്ഷനും, വരുമാനത്തിലെ വർദ്ധനവിന്റെ തോതും വ്യക്തമാക്കാമോ ?

ഈ സർക്കാർ അധികാരമേറ്റശേഷം നികുതി വരവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിനായി നികുതി മേൽനോട്ട സമിതി, വിലനിരീക്ഷണ സമിതി എന്നിവ രൂപീകരിച്ചു. നികുതി നിർണ്ണയം കാര്യക്ഷമമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനിക്ക് നികുതി നിർണ്ണയ അധികാരിയുടെ സർട്ടിഫിക്കേഷൻ നിർബന്ധമാക്കുകയും ഇതിനു പുറമെ ഒരു ഓവർ ചെക്കിംഗ് സംവിധാനവും നടപ്പിലാക്കി. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവരുന്നതിനായി രജിസ്ട്രേഷൻ യജ്ഞം നടത്തുകയുണ്ടായി. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ നടപ്പിലാക്കി. ഇത് ബാക്കിയുള്ള അതിർത്തി ചെക്ക്പോസ്റ്റുകളിലും താമസിയാതെ നടപ്പിലാക്കും. സി.സി.ടി.വി. ക്യാമറാ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വ്യാപാരികളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ധനകാര്യ മന്ത്രിയുടെ വെബ്സൈറ്റ് പ്രവർത്തനക്ഷമമായിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം നടപ്പിലാക്കി. ഇതിനുപുറമെ വ്യാപാര വ്യവസായ വാണിജ്യ പ്രശ്ന പരിഹാര ബ്യൂറോ സംസ്ഥാന തലത്തിൽ നിലവിൽ വന്നു. ഇതിൽ വ്യാപാരി വ്യവസായികളുടെ പ്രതിനിധികളും ഉൾപ്പെട്ടതിനാൽ കാര്യങ്ങൾ ചർച്ച ചെയ്ത് താമസംവിനാ തീരുമാനങ്ങളെടുക്കാൻ കഴിയും. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വലിയ തുകകളുൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തിരമായി തീർപ്പു കൽപിച്ച് നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഇതിനു പുറമെ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തിരമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേയ്ക്കും ഇവിടെ നിന്നു പുറത്തേയ്ക്കും പോകുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ആഡംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി.

ചെക്ക്പോസ്റ്റുകളുടേയും, വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാരാ നികുതി വെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. കുടിശ്ശിക അസസ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

അയൽ സംസ്ഥാനങ്ങളുടെ നികുതി നിരക്കുകൾ കണക്കിലെടുത്തും ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ വരുമാന താത്പര്യങ്ങൾ കണക്കിലെടുത്തും വാറ്റിന്റെ പൊതു നിരക്കുകളായ 4%, 12.5% എന്നിവ യഥാക്രമം 5%, 13.5% എന്നിവയായി കഴിഞ്ഞ വർഷം വർദ്ധിപ്പിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം 13.5% നിരക്ക് 14.5 ശതമാനമായും ഉയർത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷത്തേയും കളക്ഷനും വരുമാനത്തിലെ വർദ്ധനവിന്റെ തോതും ചുവടെ ചേർക്കുന്നു.

| വർഷം | നികുതി പിരിവ് (കോടിയിൽ) | വർദ്ധന (ശതമാനത്തിൽ) |
|---|---|---|
| 01.06.2011 - 31.03.2012 | 16944.19 | 20 |
| 2012-13 | 22885.83 | 19 |

സെക്ഷൻ ഓഫീസർ